സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ക്രമം

**(സാന്നിദ്ധ്യം : എസ് ബിന്ദു)**

**സംഗ്രഹം**

**ഉള്ളൂർ ഗ്രൂപ്പിൽ കഴക്കൂട്ടം സബ്ഗ്രൂപ്പ് വക കണക്കുകൾ 02/2022-ൽ പരിശോധിച്ച സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**R.O.C.No.10385/22/O.A.D** **നന്തൻകോട്, 08/05/2025**

---

പരാമർശം :

1. 19/07/2022 ലെ മേൽ നമ്പർ ഉത്തരവ്
2. ദേവസ്വം കമ്മീഷണറുടെ 16/06/2023 ലെ R.O.C.21595/22/OAD നമ്പർ റിപ്പോർട്ട്
3. 19/07/2023 ലെ മേൽ നമ്പർ ഉത്തരവ്
4. 10/01/2024 ലെ മേൽ നമ്പർ ഉത്തരവ്
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) യുടെ 04/05/2024 ലെ PTN 182/23/TDB/Vig. നമ്പർ റിപ്പോർട്ട്
6. ദേവസ്വം കമ്മീഷണറുടെ 07/05/2024 ലെ R.O.C.9512/22/OAD നമ്പർ റിപ്പോർട്ട്
7. 22/08/2024 ലെ മേൽ നമ്പർ ഉത്തരവ്
8. ദേവസ്വം കമ്മീഷണറുടെ 12/02/2025 ലെ R.O.C.26297/23/OAD നമ്പർ റിപ്പോർട്ട്

ഉള്ളൂർ ഗ്രൂപ്പിൽ കഴക്കൂട്ടം സബ്ഗ്രൂപ്പ് വക കണക്കുകൾ 02/2022-ൽ പരിശോധിച്ച് ലഭ്യമായ ആഡിറ്റ് നോട്ടിൽ ബില്ല് & റോൾ, ചിറപ്പ്, (കഴക്കൂട്ടം ദേവസ്വം), തൃക്കൈവെണ്ണ (കുളങ്ങര ദേവസ്വം) ഉത്സവ വഴിപാടുകൾ എന്നീ ഇനങ്ങളിലെ ചുമതല തുക ഒഴിവാക്കുന്നത് സംബന്ധിച്ച് വ്യക്തമായ അഭിപ്രായം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവ് നൽകി. (പരാമർശം 1)

ടി ആഡിറ്റ് നോട്ട് പരിശോധിച്ചതിൽ 108 ധാര എന്നത് 108 കലശം എന്ന് രേഖപ്പെടുത്തി വന്നിരുന്നത് സംബന്ധിച്ച് വ്യക്തതയില്ലായെന്നും ആയതിന്റെ വാസ്തവം മനസ്സിലാക്കിയാലേ ചുമതല ഒഴിവാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ സാധിക്കുകയുള്ളൂയെന്ന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടിട്ടുള്ളതായും ആകയാൽ ടി വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 2)

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) നെ ചുമതലപ്പെടുത്തി ഉത്തരവ് നൽകി. (പരാമർശം 3)

ചുമതല തിട്ടപ്പെടുത്തിയിട്ടുള്ള ജീവനക്കാർ ചുമതലകൾ സംബന്ധിച്ച് നൽകുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് മേൽ നടപടി കൈകൊള്ളുന്നതിന് 15/02/2021 ലെ R.O.C No 25/21/OAD നമ്പർ ഉത്തരവ് പ്രകാരം നിയോഗിച്ചിട്ടുള്ള സമിതി മുഖാന്തിരം ടി ചുമതലകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി അടിയന്തിരത്തിൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി ബോർഡുത്തരവായി. (പരാമർശം 4)

തുടർന്ന് പരാമർശം 4 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ടി വിഷയത്തിൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ടി ദേവസ്വത്തിൽ 108 ധാരയാണ് നിലവിൽ നടത്തി വരുന്നതെന്നും 108 കലശം എന്ന രസീത് ദേവസ്വത്തിന് ഇല്ലായെന്നും രസീതിലും 7 -ാം നമ്പരിലും 108 കലശം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും 108 ധാരയ്ക്കുള്ള തുക വാങ്ങിച്ചിട്ടുള്ളതാണെന്നും 108 കലശം എന്നുള്ള രസീത് ഇല്ലാത്തത് കാരണം 108 ധാരയാണ് നടന്നിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ഈ രീതി മാറ്റിയാൽ ഭക്തജനങ്ങൾക്കിടയിൽ വിശ്വാസം നഷ്ടപ്പെടുമെന്നും വിവരിച്ചിട്ടുള്ളതാണ്. (പരാമർശം 5)

പരാമർശം (4) ഉത്തരവ് പ്രകാരം കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ഉൾപ്പെടുത്തി ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 6)

ആയത് ചുവടെ ചേർക്കുന്നു

- മണിഓർഡർ സംഭാവന രേഖപ്പെടുത്തിയ D.F.F No. 1 (ബുക്ക് നമ്പർ 87 - ലീഫ് നമ്പർ 8629) ബുക്ക് നേരിട്ട് ഹാജരാക്കി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കാവുന്നതാണ്
- ടി ദേവസ്വത്തിലെ ചിറപ്പ് വഴിപാടിനോടൊപ്പം ചുറ്റുവിളക്കുകൂടി രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ചുറ്റുവിളക്കിന്റെ തുക കൂടി ചുമതല ചുമത്തിയിരിക്കുന്നത് ന്യായമല്ല
- കുളങ്ങര ദേവസ്വത്തിൽ ചുറ്റുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഉള്ളൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ചിറപ്പ് വഴിപാട് രേഖപ്പെടുത്തിയത് ചിറപ്പിന്റെ വഴിപാടായി മാത്രമേ പരിഗണിയ്ക്കാൻ കഴിയുകയുള്ളൂ ഇതിന്റെ കൂടെ ചുറ്റുവിളക്കിന്റെ തുക കൂടി ചുമതലയായി ചുമത്തിയിരിക്കുന്നത് ന്യായമല്ല
- കഴക്കൂട്ടം ദേവസ്വത്തിലെ 108 കലശം ചുമതല സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സെക്രട്ടറിയുടെ 19/07/2022 ലെ R.O.C 10385/22/O.A.D നമ്പർ ഉത്തരവ് പ്രകാരം ചീഫ് വിജിലൻസ് സെക്യൂരിറ്റി ആഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കിയതിന് ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കാവുന്നതാണ്.
- കുളങ്ങര ദേവസ്വത്തിൽ തൃക്കൈവെണ്ണയുടെ ചുമതല തുക ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 30/05/2023 ലെ FAO 360/23/IAD നമ്പർ റിപ്പോർട്ട് പരിഗണിച്ച് പ്രസ്തുത ഇനത്തിലെ ചുമതല തുക ഒഴിവാക്കാവുന്നതാണ്.
- ഉത്സവവഴിപാട് ക്ഷേത്രോപദേശകസമിതിയുടെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടീസിൽ പ്രതിപാദിച്ച വഴിപാടുകൾ അതാത് ഭക്തർ നടത്തി എന്നതിന് യാതൊരുവിധ തെളിവുകളും കണ്ടെത്താതെ വഴിപാടുകൾ നടന്നിട്ടുണ്ടെന്ന് ഉറപ്പിയ്ക്കാൻ സാധിക്കുകയില്ല. ആയതിനാൽ ടി ഇനത്തിലെ ചുമതല തുക ഒഴിവാക്കാവുന്നതാണ്.
- തെങ്ങാദായത്തിൽ ബന്ധപ്പെട്ട സബ്ഗ്രൂപ്പാഫീസർമാർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ ചുമതല തുക പലിശ സഹിതം ഈടാക്കേണ്ടതാണെന്നും ഇത് കൂടാതെയുള്ള ശ്രീ പ്രവീണിന്റെ പേരിലുള്ള ചുമതല ഈടാക്കേണ്ടതാണ്.
- ബിൽ & റോൾ - ഡ്യൂട്ടി സർട്ടിഫിക്കറ്റ് ആഡിറ്റ് വേളയിൽ കണ്ടെത്താൻ കഴിയാത്തതിനാൽ പ്രസ്തുത ജീവനക്കാർ പ്രസ്തുത കാലയളവിൽ ശബരിമലയിൽ സ്പെഷ്യൽ ഡ്യൂട്ടി നോക്കിയതിന്റെ വിവരങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും രേഖാമൂലം വാങ്ങിയശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കാവുന്നതാണെന്ന് വിവരിച്ചിട്ടുള്ളതാണ്.

സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന്റെ റിപ്പോർട്ടിന്മേൽ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകി. (പരാമർശം 7)

തുടർന്ന് പരാമർശം (8) റിപ്പോർട്ടിനോടൊപ്പം ലഭിച്ച മിനിട്സിൽ കഴക്കൂട്ടം ദേവസ്വത്തിൽ നടന്നുവരുന്ന 108 ധാര വഴിപാടിന് 108 കലശം എന്ന് 6 ാം നമ്പർ രസീതിലും 7 ാം നമ്പർ രജിസ്റ്ററിലും രേഖപ്പെടുത്തിയത് സംബന്ധിച്ച് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സിന്മേൽ ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വിജിലൻസ് 04/05/2024 ൽ PTN 182/23/IDB/Vig നമ്പരായി സമർപ്പിച്ച റിപ്പോർട്ടിൽ ടി ദേവസ്വത്തിൽ 108 ധാരയാണ് നടത്തിവരുന്നതെന്നും 108 കലശം എന്ന രസീത് (വഴിപാട്) ടി ദേവസ്വത്തിൽ ഇല്ലായെന്നും 6 ാം നമ്പർ രസീതിലും 7 ാം നമ്പർ രജിസ്റ്ററിലും 108 കലശം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും 108 ധാരയ്ക്കുള്ള തുകയാണ് വാങ്ങിച്ചിട്ടുള്ളതെന്നും ഈ രീതി മാറ്റിയാൽ ഭക്തജനങ്ങൾക്കിടയിൽ വിശ്വാസം നഷ്ടപ്പെടുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതായും പ്രസ്തുത വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ആഡിറ്റ് നോട്ട് പ്രകാരം കാണപ്പെട്ട ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ച് തീർപ്പാക്കിയിട്ടുള്ളതായും വിവരിച്ചിട്ടുള്ളതാണ്.

മേൽ വിവരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും ബോർഡുത്തരവാകുന്നു.

A. ഉള്ളൂർ ഗ്രൂപ്പിൽ കഴക്കൂട്ടം സബ്ഗ്രൂപ്പ് 02/2022 ലെ ആഡിറ്റ് നോട്ട് പ്രകാരം ടി ദേവസ്വത്തിലെ ചിറപ്പ് വഴിപാടിനോടൊപ്പം ചുറ്റുവിളക്കുകൂടി രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ചുറ്റുവിളക്കിന്റെ തുക കൂടി ചുമതല ചുമത്തിയിരിക്കുന്നത് ഒഴിവാക്കുന്നു.

B. കുളങ്ങര ദേവസ്വത്തിൽ ചിറപ്പ് വഴിപാടിനോടൊപ്പം ചുറ്റുവിളക്കിന്റെ മുതൽക്കൂട്ട് കൂടി മുതൽ വച്ചില്ല എന്ന കാരണത്താൽ തിട്ടപ്പെടുത്തിയ ബാദ്ധ്യത ഒഴിവാക്കുന്നു.

C. കഴക്കൂട്ടം ദേവസ്വത്തിൽ 108 ധാരയാണ് നടത്തിവരുന്നതെന്നും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള സാഹചര്യത്തിലും ടി ആഡിറ്റ് നോട്ട് പ്രകാരം കാണപ്പെട്ട ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ദേവസ്വം കമ്മീഷണർ ചെയർമാനായ കമ്മിറ്റി തീർപ്പാക്കിയിട്ടുള്ളതിനാൽ ആയത് ബന്ധപ്പെട്ടവരുടെ ചുമതലയിൽ നിന്ന് ഒഴിവാക്കുന്നു.

D. കുളങ്ങര ദേവസ്വത്തിൽ തൃക്കൈവെണ്ണയുടെ ചുമതല തുക ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 30/05/2023 ലെ FAO 360/23/IAD നമ്പർ റിപ്പോർട്ട് പരിഗണിച്ച് പ്രസ്തുത ഇനത്തിലെ ചുമതല തുക ഒഴിവാക്കുന്നു.

E. ഉത്സവവഴിപാട് ക്ഷേത്രോപദേശകസമിതിയുടെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നോട്ടീസിൽ പ്രതിപാദിച്ച വഴിപാടുകൾ അതാത് ഭക്തർ നടത്തി എന്നതിന് യാതൊരുവിധ തെളിവുകളും കണ്ടെത്താതെ വഴിപാടുകൾ നടന്നിട്ടുണ്ടെന്ന് ഉറപ്പിയ്ക്കാൻ സാധിക്കുകയില്ലയെന്നതിനാൽ ടി ഇനത്തിലെ ചുമതല തുക ഒഴിവാക്കുന്നു.

F. തെങ്ങാദായത്തിൽ ബന്ധപ്പെട്ട സബ്ഗ്രൂപ്പാഫീസർമാർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതിനാൽ ചുമതല തുക പലിശ സഹിതം ഈടാക്കുന്നതിനും ഇത് കൂടാതെയുള്ള ശ്രീ. പ്രവീണിന്റെ പേരിലുള്ള ചുമതല ഈടാക്കുന്നതിനും ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നു.

G. [illegible] രേഖപ്പെടുത്തിയ DFF No 1 (ബുക്ക് നമ്പർ 87 - ലീഫ് നമ്പർ 4629) ബിൽ പരിശോധിച്ച് തുടർ നടപടി വിവരം അറിയിക്കുന്നതിന് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നു

H. കുളങ്ങര ദേവസ്വത്തിൽ ചുറ്റുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഉള്ളൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടി വിവരം അറിയിക്കുന്നതിന് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നു.

I. ബിൽ & റോൾ - ഡ്യൂട്ടി സർട്ടിഫിക്കറ്റ് ആഡിറ്റ് വേളയിൽ കണ്ടെത്താൻ കഴിയാത്തതിനാൽ പ്രസ്തുത ജീവനക്കാർ പ്രസ്തുത കാലയളവിൽ ശബരിമലയിൽ സ്പെഷ്യൽ ഡ്യൂട്ടി നോക്കിയതിന്റെ വിവരങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും രേഖാമൂലം വാങ്ങി തുടർ നടപടി വിവരം അറിയിക്കുന്നതിന് ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

**(ഒപ്പ്)**

**സെക്രട്ടറി**

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
3. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
4. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല
7. PS to Hon'ble President
8. വിജിലൻസ് സെക്ഷൻ, ബോർഡാഫീസ്
9. ഐ.റ്റി. സെക്ഷൻ
10. മിനിട്സ് സെക്ഷൻ
11. ഫയൽ ബുക്ക്
12. സെക്ഷൻ ഫയൽ
13. ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി